# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 858 06.06.2018-ലെ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കായുള്ള ചികിത്സാ സഹായം

| | ചോദ്യം<br><br>ശ്രീ.രാജു എബ്രഹാം | | മറുപടി<br><br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കായുള്ള വകുപ്പ് മന്ത്രിയുടെ ചികിത്സാധനസഹായത്തിന് ഓൺലൈനായി അപേക്ഷിക്കുമ്പോൾ എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ ; | എ) | ജാതി സർട്ടിഫിക്കറ്റ്, രോഗിയുടെ കുടുംബവാർഷിക വരുമാന സർട്ടിഫിക്കറ്റ്, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻകാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നീ രേഖകളാണ് ഹാജരാക്കേണ്ടത്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് എത്ര തുക ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | ബി) | 47496 പേർക്ക് 82.60 കോടി രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| സി) | അപേക്ഷ അംഗീകരിച്ചാൽ എത്ര ദിവസത്തിനകം അനുവദിച്ച തുക കൈമാറാൻ കഴിയുന്നുണ്ട്; അപേക്ഷകരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് തുക എത്തിക്കാൻ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | സി) | അപേക്ഷ അംഗീകരിച്ചാൽ 3 ദിവസത്തിനകം അപേക്ഷകരുടെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യുന്നതാണ്. ചികിത്സാ ധനസഹായ ത്തിനായി ഓൺലൈൻ മുഖേന ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർമാർക്ക് ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തി ശുപാർശ സഹിതം 5 ദിവസത്തിനുള്ളിൽ ജില്ലാ പട്ടികജാതി വികസന |

| | | | |
|---|---|---|---|
| | | | ആഫീസർക്ക് അയക്കുന്നു. ജില്ലാ പട്ടികജാതി വികസന ആഫീസർ ടി അപേക്ഷകളിൽ 5,000/-രൂപ വരെ അനുവദിക്കേണ്ട അപേക്ഷകൾ 3 ദിവസത്തിനുള്ളിൽ അനുവദിക്കുന്നു. കൂടുതൽ ധനസഹായത്തിന് അർഹതയുള്ള അപേക്ഷകൾ നോർത്ത്/സൗത്ത് സോൺ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് 10,000/-രൂപ വരെ അനുവദിക്കേണ്ട അപേക്ഷകൾ 3 ദിവസത്തിനുള്ളിൽ അനുവദിക്കുന്നു. 10,000/-രൂപയിൽ കൂടുതൽ തുക അനുവദിക്കേണ്ട അപേക്ഷകൾ ഡെപ്യൂട്ടി ഡയറക്ടർ ബഹു.വകുപ്പ് മന്ത്രിക്ക് സമർപ്പിക്കുന്നു. ബഹു.വകുപ്പ് മന്ത്രി/ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ പട്ടികജാതി വികസന ആഫീസർമാർ ചികിത്സാ ധനസഹായം അനവദിച്ചവരുടെ ഉത്തരവ് ബന്ധപ്പെട്ടബ്ലോക്ക്/മുൻസിപ്പാലിറ്റി /കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർമാർ സൈറ്റിൽ നിന്നും ജനറേറ്റ് ചെയ്ത് BIMS മുഖാന്തിരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ക്രെഡിറ്റ് ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**